DESPATCHED
On..25/5/2020
26. 2. 20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.1452(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.9357/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ചോലയിൽ റാഷീദ്
S/o ചോലയിൽ ഹംസ,
തൃക്കണാപുരം പി.ഒ.,
മലപ്പുറം – 679 573.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
കുറ്റപ്പുറം ഗ്രാമപഞ്ചായത്ത് ആഫീസ്,
കുറ്റിപ്പുറം പി.ഒ., മലപ്പുറം.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസ്,
മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24/01/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19/02/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21/03/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18/04/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 29/05/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 02/06/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/06/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/07/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായില്ല |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ചോലയിൽ റാഷീദ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി ടിയാന്റെ അപേക്ഷയിന്മേൽ നൽകിയ മറുപടി തൃപ്തികരമായിരുന്നില്ല എന്നും അതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതുപ്രകാരം ഒന്നാം എതിർകക്ഷി നൽകിയ

മറുപടി തെറ്റാണെന്നും ബന്ധപ്പെട്ട രേഖകൾ പരിശോധന നടത്തി 10 ദിവസങ്ങൾക്കകം ഹർജിക്കാരന് നൽകണമെന്ന് നിർദ്ദേശം നൽകിയെങ്കിലും ആയതുപ്രകാരമുള്ള നടപടി ഒന്നാം എതിർകക്ഷി സ്വീകരിച്ചില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ്:

i. കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ 12.2.2014 തീയതി എ3-1286 നമ്പറായി Non availability certificate-നു വേണ്ടി അപേക്ഷ നൽകിയിരുന്നു എന്നും 27.2.2014-ന് സാക്ഷ്യപത്രം ലഭിക്കുമെന്നു രസീതിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നു എന്നും (എ) പ്രസ്തുത അപേക്ഷയുടെയും അനുബന്ധരേഖകളുടെയും കോപ്പികൾ നൽകണമെന്നും (ബി) പ്രസ്തുത അപേക്ഷയിൽ എടുത്ത നടപടിയുടെയും തീരുമാനത്തിന്റെയും വിവരം അറിയിക്കണമെന്നും സി) മേൽപ്പടി അപേക്ഷയിൽ വർഷമായിട്ടും തീരുമാനം എടുക്കാത്തതിന്റെ വിവരങ്ങൾ അറിയിക്കണമെന്നും ഡി) സേവനാവകാശ നിയമപ്രകാരം പ്രസ്തുത അപേക്ഷയിന്മേൽ എത്ര ദിവസത്തിനകം തീരുമാനം എടുക്കണമെന്നും

ii. 21.10.2014-ന് എ5-12864 നമ്പറായി കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതി മുമ്പാകെ അപ്പീലും ആവശ്യമായ രേഖകളും നൽകിയിരുന്നു എന്നും (എ) പ്രസ്തുത അപ്പീലിൽ എടുത്ത നടപടിയുടെയും തീരുമാനത്തിന്റെയും വിവരങ്ങൾ അറിയിക്കണമെന്നും ബി) പഞ്ചായത്ത് രാജ് നിയമപ്രകാരം പ്രസ്തുത അപ്പീൽ എത്ര ദിവസത്തിനകം തീരുമാനം എടുക്കണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും നൽകാതെ ബന്ധപ്പെട്ട രേഖകൾ ഓഫീസിൽ വന്ന് പരിശോധിക്കാവുന്നതാണെന്നാണ് ഒന്നാം എതിർകക്ഷി അറിയിച്ചത് എന്നും ആയത് ശരിയല്ല എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി ലഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് ഒന്നാം എതിർകക്ഷി വ്യക്തമായ മറുപടി നൽകേണ്ടതാണെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 3, 4 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ക്രോഡീകരിച്ചു നൽകുന്നത് മേൽപ്പടി ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്നതിലാൽ ബന്ധപ്പെട്ട രേഖകൾ നേരിൽ പരിശോധിച്ച് വിവരം ശേഖരിക്കുന്നതിലേക്കായി തീയതിയും സമയവും നിശ്ചയിച്ച് ഹർജിക്കാരന് അറിയിപ്പ് നൽകേണ്ടതാണെന്നും 6-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഹർജിക്കാരന് നൽകേണ്ടതാണെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശത്തെ തുടർന്ന് 22.4.2015 തീയതി ഹർജിക്കാരന് മറുപടി നൽകിട്ടുണ്ടെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ ഒന്നാം അപ്പീൽ തീർപ്പാക്കി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവ് നിയമാനുസൃതമായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 26-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

MS